LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റു പ്രസ്സുകളുടെ നവീകരണം

*20 [50] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
„ കെ. എൻ. എ. ഖാദർ:
„ ടി. പി. എം. സാഹിർ:
„ സി. മോയിൻകുട്ടി:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റു പ്രസ്സുകളുടെ നവീകരണം സംബന്ധിച്ച് നടപടികൾ ഏതു വരെയായി;

(ബി) സ്വകാര്യ പ്രസ്സുകൾക്കു നൽകി വരുന്ന ടെക്സ്റ്റു ബുക്കുകളുടെ പ്രിന്റിംഗ് ജോലികളെല്ലാം നവീകരണം പൂർത്തിയായാൽ ഗവൺമെൻറു പ്രസ്സുകളിൽ ചെയ്യാൻ വേണ്ട സൗകര്യം ഉണ്ടാകുമോ;

(സി) എങ്കിൽ ഇതുമൂലം എത്ര പേർക്കുകൂടി ജോലി സാദ്ധ്യത ഉണ്ടാകുമെന്നു വെളിപ്പെടുത്തുമോ?

പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ഗവൺമെന്റു പ്രസ്സുകളുടെ നവീകരണം ഘട്ടം ഘട്ടമായി പൂർത്തിയായി വരുന്നു.

(ബി) നവീകരണം പൂർത്തിയായാൽ ഇപ്പോൾ സ്വകാര്യ പ്രസ്സുകളിൽ കൊടുക്കുന്ന ടെക്സ്റ്റു ബുക്കുകളുടെ അച്ചടി അച്ചടിവകുപ്പിൽ തന്നെ നിർവഹിക്കാൻ കഴിയുന്നതാണ്.

(സി) നവീകരണംമൂലം കൂടുതൽ പേർക്കു പ്രത്യക്ഷമായി ജോലിക്കു സാദ്ധ്യത കാണുന്നില്ല. എന്നാൽ പരോക്ഷമായി കുറച്ചുപേർക്കു ജോലി സാദ്ധ്യത ഉണ്ട്.

ടൂറിസം മേഖലയിലെ പുതിയ വികസന പദ്ധതികൾ

*21 [51] ശ്രീ. തോമസ് ചാഴികാടൻ:
„ റോഷി അഗസ്റ്റിൻ:
„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിലെ വർദ്ധിച്ച തൊഴിൽ സാദ്ധ്യത കണക്കിലെടുത്ത് പുതിയ വികസന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇടുക്കി ആർച്ച് ഡാമും അതുൾപ്പെടുന്ന ഭൂപ്രദേശത്തിന്റെയും ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ഒരു ടൂറിസം പാക്കേജിന് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ?